# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.816

20/03/2013-ൽ മറുപടിയ്ക്ക്

## ജലകർമ്മ സേന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ.വി. പി. സജീന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലകർമ്മ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും 100 പേർ വീതം അടങ്ങുന്ന ജലസംരക്ഷണ പ്രവർത്തക സംഘം സജ്ജമാക്കുക എന്നതാണ് ജലകർമ്മ സേന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മഴവെള്ള സംഭരണം, ഭൂജല സംരക്ഷണം, ജലഗുണ നിലവാര പരിശോധന പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലപരിപോഷണം എന്നീ മേഖലകളിൽ പഞ്ചായത്തുരാജ് സ്ഥാപനങ്ങളെ ശാക്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) ഏത് പദ്ധതിയിൻകീഴിലാണ് പ്രസ്തുത സേനകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | ബി) ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജലശ്രീ-സി.സി.ഡിയുന്റെ നേതൃത്വത്തിൽ **'നല്ല നാട് നല്ലവെള്ളം'** പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ജലകർമ്മ സേന സജ്ജമാക്കപ്പെടുന്നത്. |
| സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത സേനകൾ പ്രവർത്തിക്കുന്നത്; | സി) എല്ലാ ഗ്രാമപഞ്ചായത്തുകളും കേന്ദ്രമാക്കിയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത സേന പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | ഡി) ജലവിഭവവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജലശ്രീ-സി.സി.ഡിയു, ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ